ശ്രീ. എ. എ റഹീം : ഇപ്പോൾ കൊടുക്കുന്നില്ല.

ശ്രീ. പോപ്പിൽ ജോസ്കരൻ : എന്നു മുതൽ കൊടുക്കുന്നില്ല ?

ശ്രീ. എ. എ. റഹിം : പ്രത്യേകം നോട്ടീസുകിട്ടിയാൽ പറയാം.

ട്രാൻസ്പോർട്ട് ഡിപ്പോകൾ.

* 146. [18] ശ്രീ. എം. എ. മുതായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുപകൂപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ഡിപ്പോകൾക്കായി ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

മരാമത്തുപകൂപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ)

(എ) ഉണ്ട്.

(ബി) ഉണ്ട്.

ശ്രീ. കെ. എം. ജോർജ്ജ് : ട്രാൻസ്പോർട്ട് ഡിപ്പോകൾ വികസിപ്പിക്കുന്നതു സംബന്ധിച്ചു നിയമിതമായ കമ്മീഷൻറെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : സമർപ്പിച്ചിട്ടുണ്ട്. അതു ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ് : ആ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനായി ഗവണ്മെൻറ് നൽകിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : ഇല്ല.

ശ്രീ. കെ. എം. ജോർജ്ജ് : ഈ റിപ്പോർട്ടിലെ പ്രധാന ഭാഗങ്ങൾ നമ്മുടെ പത്രങ്ങളിൽ വന്നുകഴിഞ്ഞതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : റിപ്പോർട്ടിലുള്ള ഭാഗങ്ങൾ പത്രങ്ങളിൽ വന്നതായി അറിവില്ല.

ശ്രീ. എം. എം. മുതായി : ആ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : റിപ്പോർട്ടിനെപ്പറ്റി ചർച്ച നടന്നതിനുശേഷം തീരുമാനിക്കുന്നതാണ്.

ശ്രീ. എം. എ. മുതായി : എത്ര കാലത്തിനകം ഒരു തീരുമാനം എടുക്കും.

ശ്രീ. കെ. ഐ. വേലായുധൻ : എത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഫാർമിസ് : ഗവണ്മെൻറിലേയ്ക്കു സമർപ്പിക്കുന്ന റിപ്പോർട്ട് കൂടെ ഉള്ളടക്കം പരസ്യപ്പെടുത്തിയാൽ അവരുടെ പേരിൽ എന്തെങ്കിലും നടപടി എടുക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ വന്നാൽ അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. പി. ഫാർമിസ് : അങ്ങനെ ബോദ്ധ്യംവന്നാൽ നടപടി നടക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഈ റിപ്പോർട്ട് എന്നാണ് ഗവണ്മെൻറിനു സമർപ്പിച്ചത് ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ അസംബ്ലി തുടങ്ങുന്നതിനു രണ്ടു ദിവസം മുൻപാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഇതിലെ വിവരങ്ങൾ ചില പത്രങ്ങളിൽ വന്നതെങ്ങനെയാണെന്ന് അന്വേഷിച്ചുവോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ പത്രങ്ങളിൽ വന്നതായിട്ട് എനിക്കറിവുണ്ടായിരുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : കമ്മിഷൻ അംഗങ്ങൾ മുഖേനയാണോ ഇതു പൊതുജനത്തിൽ വന്നിട്ടുള്ളതെന്നു അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പത്രങ്ങളിൽ വന്ന വാർത്ത റിപ്പോർട്ടിലുള്ളതാണോ എന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ബഹുമാനപ്പെട്ട മന്ത്രി പത്രങ്ങൾ വായിക്കാറില്ലേ ?

ശ്രീ കെ. ഐ. വേലായുധൻ : പത്രം വായിക്കാറുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : കമ്മിഷൻ, റിപ്പോർട്ട് ഗവണ്മെൻറിനു സമർപ്പിച്ചാൽ, പ്രസിദ്ധീകരിക്കുന്ന പതിവില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ പതിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കമ്മിഷൻ റിപ്പോർട്ടെന്നപേരിൽ പത്രങ്ങളിൽവന്നിട്ടുള്ള വിവരങ്ങൾ ശരിയല്ലെന്നു ഒരു പ്രസ്താവന മന്ത്രിക്കു പുറപ്പെടുവിച്ചുകൂടെ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയൊരു പ്രസ്താവനയുടെ ആവശ്യമില്ല. റിപ്പോർട്ടെന്നപേരിൽ പത്രങ്ങൾ പ്രസിദ്ധം ചെയ്തിട്ടുള്ളതു ശരിയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ അന്വേഷിച്ചിട്ടു റിപ്പോർട്ടിലെ വിവരങ്ങൾ അല്ലെന്നു കണ്ടാൽ ഒരു പ്രസ്താവന പുറപ്പെടുവിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. മത്തായി: റിപ്പോർട്ടിലെ വിവരവും പത്രവാർത്തയും താരതമ്യപ്പെടുത്തി, റിപ്പോർട്ടതന്നെയാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതെങ്കിൽ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ഡ്രൈവറന്മാരും, കണ്ടക്ടറന്മാരും.

* 147. [19] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിലെ ഡ്രൈവറന്മാർ, കണ്ടക്ടറന്മാർ എന്നിവരുടെ സർവ്വീസ് പെൻഷനബിളാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഓരോരുത്തരുടെയും സർവ്വീസിന്റെ തുടക്കം മുതൽ.

ശ്രീ. എം. എം. മത്തായി : പെൻഷനബിളാക്കാതെ ഏതെങ്കിലും ഡ്രൈവർമാരുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പെൻഷനബിളായോ, നാൻപെൻഷനബിളായോ ഇഷ്ടമുള്ളതിനു് അവർക്ക് ഓപ്ഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി : ഏതു വിഭാഗത്തിലാണ് കൂടുതൽ ആളുകൾ സമ്മതം നൽകിയിട്ടുള്ളത് ?

ശ്രീ. കെ. ഐ. വേലായുധൻ : 75 ശതമാനവും പെൻഷനബിളാകണമെന്നാണ് പറഞ്ഞിരിക്കുന്നത്.

പഞ്ചായത്തു തിരഞ്ഞെടുപ്പ്

* 148. [20] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പഞ്ചായത്തുകളിൽ ഇപ്പോഴുള്ള പഞ്ചായത്തു കമ്മിറ്റിയുടെ കാലാവധി അവസാനിക്കുന്നതെന്നാണ് ;

(ബി) പുതിയ തിരഞ്ഞെടുപ്പുകൾ എന്നത്തേയ്ക്കു നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(സി) പുതിയ തിരഞ്ഞെടുപ്പിനുമുമ്പായി നിലവിലുള്ള പഞ്ചായത്തുകളുടെ അതിർത്തിമാറ്റങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വേണ്ട മാറ്റങ്ങൾ വരുത്തിത്തീർക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly